കെ. എസ്. ആർ. ടി. സി. യുടെ വിനിയോഗിക്കാത്ത ഭൂമി ഉപയോഗപ്പെടുത്താൻ നടപടി

215 (4004) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്. ആർ.ടി.സി. യുടെ എത്ര ബാധ്യതാ തുക എഴുതിത്തള്ളി ;

(ബി) പ്രസ്തുത ബാധ്യത എഴുതിത്തള്ളുമ്പോൾ കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(സി) എങ്കിൽ പുനഃസംഘടന സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ വിനിയോഗിക്കാത്ത ഭൂമി ഉപയോഗ പ്പെടുത്തി എന്തെല്ലാം ധനാഗമ മാർഗ്ഗമാണ് കെ.എസ്.ആർ.ടി.സി. നടത്താൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിലേക്ക് കെ.എസ്.ആർ.ടി.സി. യുടെ കൈവശമിരിക്കുന്ന എത്ര സർക്കാർ ഭൂമിയാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(എഫ്) പ്രസ്തുത സർക്കാർ ഭൂമി കെ.എസ്.ആർ.ടി.സി. യുടെ പേരിൽ മാറ്റുന്നതിലേക്ക് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ജി) ഇതിൽ ഏതെല്ലാം ഭൂമി കെ.എസ്.ആർ.ടി.സി. ക്ക് നാളിതുവരെ സർക്കാർ നൽകിയിട്ടുണ്ട് ;

(എച്ച്) ഇനി എത്ര ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2008 വരെ കെ. എസ്. ആർ. ടി. സി. സർക്കാരിന് നൽകു വാനുണ്ടായിരുന്ന ലോണിന്റെ മുതൽ ഇനത്തിലെ 250.38 കോടി രൂപ ഇക്വിറ്റിയായി മാറ്റുകയും ടി ലോണിന്റെ പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിലും 31-3-2008 വരെ നൽകാനുണ്ടായിരുന്ന വാഹന നികുതി ഇനത്തിലെ തുകയും ഉൾപ്പെടെ 820.22 കോടി രൂപ ജി.ഒ. (എംഎസ്)71/09/ഗതാഗത. തീയതി 14-12-2009 എന്ന ഉത്തരവിൻ പ്രകാരം എഴുതിത്തള്ളിയിട്ടുണ്ട്.

(ബി) കെ. എസ്. ആർ. ടി. സി. യെ പുന:സംഘടിപ്പിക്കുന്നതിന് മന്ത്രി സഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് സർക്കാർ 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ സർക്കാർ ഉത്തരവ് (എം. എസ്)10/2008/ഗതാഗതം തീയതി 26-2-2008 ആയി ഉത്തരവിറക്കിയിട്ടുണ്ട്. ടി ശുപാർശകളിലൊന്ന് 31-3-2008 വരെയുള്ള കെ. എസ്. ആർ. ടി. സി. യുടെ ബാദ്ധ്യത എഴുതിത്തള്ളണം എന്നതാണ്. ടി ശുപാർശകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

1. പ്രതിവർഷം 1,000 ബസ്സുകൾ നിരത്തിൽ ഇറക്കണമെന്ന ശുപാർശ നടപ്പിലാക്കിയതിന്റെ ഭാഗമായി 2007 ജൂലൈ മുതൽ നാളിതുവരെ 2,196 ബസ്സുകൾ പുതുതായി നിരത്തിലിറക്കി.

2. ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കെ. എസ്. ആർ. ടി. സി. കൊടുത്തു തീർക്കാനുള്ള 160 കോടി രൂപയുടെ ബാദ്ധ്യത തീർക്കുന്നതിന് ടി തുകയ്ക്ക് തുല്യമായി ട്രാൻസ്പോർട്ട് ബോണ്ട് ഇറക്കണം എന്ന ശുപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ വായ്പയായി അനുവദിച്ച് നൽകിയ തുക ഉപയോഗിച്ച് ടി കുടിശ്ശിക തുക 8.36 കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞു.

3. കോർപ്പറേഷന്റെ 31-3-2008 വരെയുള്ള ബാദ്ധ്യതയായി 1,070.60 കോടി രൂപയിൽ 250.38 കോടി രൂപയുടെ സർക്കാർ ലോൺ തുക ഇക്വിറ്റിയായി മാറ്റുകയും ടി ലോണിന്റെ പലിശയും, പിഴപ്പലിശയും, മോട്ടോർ വെഹിക്കിൾ ടാക്സും ഉൾപ്പെടെ 820.22 കോടി രൂപ സർക്കാർ എഴുതിത്തള്ളിയിട്ടുമുണ്ട്.

4. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പോലീസ്, മോട്ടോർ വാഹന വകുപ്പ്, കെ. എസ്. ആർ. ടി. സി. എന്നീ ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി തിരുവനന്തപുരം സിറ്റിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റു മേഖലകളിൽ ഫലപ്രദമായി സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ കഴിയുന്നില്ല.

5. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. യുടെ ബസ് ഡിപ്പോകളിൽ അത്യാധുനിക സജ്ജീകരണത്തോടു കൂടിയ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അങ്കമാലി, കാസർഗോഡ്, കാട്ടാക്കട എന്നിവിടങ്ങളിലെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കോഴിക്കോട്, കാട്ടാക്കട, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിലെ നിർമ്മാണം പുരോഗതിയിലാണ്. കൊട്ടാരക്കര ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉത്ഘാടനം കഴിഞ്ഞിട്ടുണ്ട്.

6. KTDFC-യിൽ നിന്നും ലോൺ എടുക്കുന്ന അനുപാതം 50%-ൽ നിന്നും 65% ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശവും നടപ്പിലാക്കി.

7. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽ നിന്ന് 500 രൂപ പിഴ ഈടാക്കി 30-6-2010 വരെ 15,59,500 രൂപ സർക്കാരിൽ ഒടുക്കിയിട്ടുണ്ട്.

8. കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്.

9. KTDFC-യ്ക്കുള്ള ലോൺ തിരിച്ചടവ് കുറയ്ക്കുന്നതിനായി ലോൺ റീ-ഷെഡ്യൂൾ ചെയ്യാനുള്ള പ്രൊപ്പോസലിൻമേൽ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

10. ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷനുശേഷം യൂണിറ്റു കളിലേയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നതിനുള്ള പൂർണ്ണ ചുമതല കോർപ്പറേഷൻ മാനേജ്മെന്റിനാണെന്ന തീരുമാനവും നടപ്പിലാക്കിയിട്ടുണ്ട്.

11. KMPL വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ കാരണം KMPL 2005-ൽ 3.84 കി. മീറ്റർ ആയിരുന്നത് ഇപ്പോൾ 4.27 കി. മീറ്ററായി ഉയർത്താൻ കഴിഞ്ഞു.

സർക്കാർ നിർദ്ദേശിച്ച എല്ലാ ശുപാർശകളും നടപ്പിലാക്കി കഴിഞ്ഞു. അവ പുരോഗതിയുടെ പാതയിലാണ്.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ വിനിയോഗിക്കാത്ത ഭൂമി ഉപയോഗപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചും, പേ ആന്റ് പാർക്ക് തുടങ്ങിയവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ കൊട്ടാരക്കരയിലും, കാസർഗോഡും, തുടർന്ന് കാട്ടാക്കടയിലും പലിശരഹിത ഡിപ്പോസിറ്റ് പദ്ധതിപ്രകാരം തുക സംഭരിച്ച് കെട്ടിടം നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതിയും, കൂടാതെ ബി. ഒ. ടി. അടിസ്ഥാനത്തിൽ തിരു. സെൻട്രൽ, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയും പുരോഗമിക്കുന്നുണ്ട്. ഇതിനുപുറമെ, യൂണിറ്റ്തലത്തിൽ കെ. എസ്. ആർ. ടി. സി. യുടെ ലഭ്യമായ സ്ഥലം പ്രയോജനപ്പെടുത്തി പേ ആന്റ് പാർക്ക് ഷോപ്പിംഗ് തയ്യാറാക്കി വരുന്നു.

(ഇ) നിലവിൽ ലഭ്യമായ രേഖകൾ പ്രകാരം കെ. എസ്. ആർ. ടി. സി. യുടെ കൈവശം 408 ഏക്കർ 44 സെന്റ് ഭൂമി കൈവശമുണ്ട്. ഇതിൽ കെ. എസ്. ആർ. ടി. സി. യുടെ പശ്ചാത്തല സൗകര്യത്തിനാവശ്യമായ ഭൂമി ഒഴിച്ചുള്ളതാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(എഫ്-എച്ച്) സർക്കാർ ഭൂമി കെ. എസ്. ആർ. ടി. സി. യുടെ പേരിൽ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ലഭ്യമായ രേഖകൾ പ്രകാരം കൈവശമുള്ള 408.44 ഏക്കർ ഭൂമിയിൽ 193.12 ഏക്കർ ഭൂമി ലാന്റ് അക്വിസിഷൻ നിയമപ്രകാരം ലഭ്യമായതാണ്. 51.44 ഏക്കർ ഭൂമിക്ക് ഇതിനകം പട്ടയം ലഭിച്ചിട്ടുണ്ട്. 56.23 ഏക്കർ സർക്കാർ ഭൂമിക്കും പഞ്ചായത്ത്/മുൻസിപ്പാലിറ്റി അധീനതയിലുള്ള 87.40 ഏക്കർ ഭൂമിക്കും, കെ. എസ്. ആർ. ടി. സി. യുടെ പേരിൽ പതിവ് നടപടികൾ റവന്യൂ ഓഫീസുകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ 17.75 ഏക്കർ ഭൂമി ലീസ് ഇനത്തിലും, 2.50 ഏക്കർ ഭൂമി സൗജന്യമായും ലഭിച്ചത് കെ. എസ്. ആർ. ടി. സി. യുടെ കൈവശമുണ്ട്. എടപ്പാളിൽ ഡ്രൈവേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിന് 25 ഏക്കർ ഭൂമി ലീസ് ഇനത്തിൽ മോട്ടോർ വെഹിക്കിൾ വകുപ്പിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly